II. ശ്രദ്ധ ക്ഷണിക്കൽ

(1) മോഡേൺ റൈസ് മില്ലുകളുടെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നാരായണൻ: സർ, കേരളത്തിലെ കർഷകരുടേയും കർഷക തൊഴിലാളികളുടേയും ഉന്നമനത്തിനുവേണ്ടി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ മൂന്ന് മോഡേൺ റൈസ് മില്ലുകൾ പണിയുന്നതിനുള്ള തീരുമാനമെടുത്തിരുന്നു. എന്നാൽ ആ മൂന്ന് മോഡേൺ റൈസ് മില്ലുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കേ കേരളത്തിൽ ഒരു ഭരണമാറ്റം ഉണ്ടായി. ആ ഭരണ മാറ്റം ഉണ്ടായതിനുശേഷം മില്ലുകളുടെ തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്നുള്ളതാണ് വസ്തുത. പാലക്കാട്, വൈക്കം, തകഴി എന്നീ സ്ഥലങ്ങളിലാണ് മൂന്നു മില്ലുകൾക്ക് തുടക്കമിട്ടത്. വൈക്കത്തെ മില്ലിന്റെ നിർമ്മാണ പ്രവർത്തനം 75 ശതമാനത്തിൽ അധികമായി. മറ്റ് പല സ്ഥലങ്ങളിൽ 80-90 ശതമാനം വരെ മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കേയാണ് ഇപ്പോൾ നിർത്തിവച്ചിരിക്കുന്നത്. ഈ മില്ലുകളുടെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കണമെന്ന ആവശ്യം പല പ്രാവശ്യം സബ്മിഷനിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മില്ലുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചാൽ കേരളത്തിലെ ധാരാളം ചെറുപ്പക്കാർക്ക് തൊഴിലവസരം ഉണ്ടാകും എന്നത് കണക്കിലെടുത്ത് ഇവയുടെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുന്നതിന് അടിയന്തിരമായി ഗവൺമെന്റ് ഇടപെടണം. അതിന്റെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് എനിക്ക് സഭയുടെ ശ്രദ്ധക്ഷണിക്കാനുള്ളത്. 9.30 am.]

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): 24-1-2004-ൽ മൂന്നു മില്ലുകൾക്കുമായി 586 ലക്ഷം രൂപ ചെലവാക്കി. വൈക്കത്തും, ആലത്തൂരും (പാലക്കാട്) തകഴിയിലും മൂന്നു മില്ലുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തു. കാലാന്തരത്തിൽ പണമില്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ചേർന്ന് രണ്ട് മില്ലുകളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ തീരുമാനിച്ചു. പണം മുടക്കുന്നത് 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം സംസ്ഥാന ഗവൺമെന്റുമാണ്. മില്ലുകൾ നടത്തേണ്ടതില്ലായെന്നുള്ള തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ മിൽ ഏറ്റെടുക്കുന്നതിനായി കുറെ കൃഷിക്കാരുടെ സംഘടനകൾ മുന്നോട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ അത് പൂർത്തിയാക്കി അവരെ ഏല്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. തകഴിയിലുള്ള മിൽ ഇപ്പോൾ ഗോഡൗണായിട്ട് മാറ്റി. വൈക്കത്തെ മിൽ ആരെങ്കിലും ഏറ്റെടുക്കാൻ തയ്യാറാണെങ്കിൽ അത് പൂർത്തീകരിച്ചു കൊടുക്കാൻ തയ്യാറാണ്. അത് പല പ്രാവശ്യം ബഹുമാനപ്പെട്ട മെമ്പറോട് പറഞ്ഞിട്ടുണ്ട്. ഇതാണ് ഇന്നത്തെ സ്ഥിതി. പണമില്ലാത്തതുകൊണ്ടാണ്. പണമുണ്ടെങ്കിൽ നടത്തുന്നതിന് ബുദ്ധിമുട്ടില്ല. വെയർ ഹൗസിംഗ് കോർപ്പറേഷൻ ഇന്ന് ഏതാണ്ട് കടത്തിലാണ്. വെയർ ഹൗസിംഗ് കോർപ്പറേഷന് നടത്താൻ പറ്റുകയില്ല. ഇന്നത്തെ സാഹചര്യത്തിൽ വൈക്കത്ത് അടിസ്ഥാനപരമായി നിലനിൽക്കുന്ന വികസന സമിതിയെക്കൊണ്ട് ഇത് ഏറ്റെടുപ്പിച്ച് നടത്തുന്നതിന് ഗവൺമെന്റ് കഴിയുന്ന കാര്യങ്ങൾ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: ഇതിന്റെയൊക്കെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി കരിനില വികസന ഏജൻസി എന്നു പറഞ്ഞ് ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: കമ്മിറ്റി പുനസംഘടിപ്പിച്ചാൽ ഏറ്റെടുത്തു നടത്തുമെങ്കിൽ സമ്മതമാണ്. കമ്മിറ്റി പുനസംഘടിപ്പിച്ചാലും പണം നബാർഡിൽനിന്നും കിട്ടണം. അത് കിട്ടുകയില്ല. പണം കിട്ടാൻ വിഷമമുള്ളതുകൊണ്ടാണ് ഇത് നീളുന്നത്. ഏറ്റവും നല്ല പണിയെന്നു പറയുന്നത് ഈ മിൽ പൂർത്തീകരിച്ചു തരാം. വാടകയ്ക്ക് ഏറ്റെടുത്തു നടത്താൻ ആളിനെ കണ്ടുപിടിച്ചാൽ മതി. അതാണ് നല്ലത്.

(2) വയനാട്ടിലെ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഏറ്റവുമധികം മാനുഷിക പരിഗണന അർഹിക്കുന്ന ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കാർഷികവൃത്തിയെമാത്രം ആശ്രയിച്ചുകഴിയുന്ന വയനാട്ടിലെ കർഷകർ ഇന്ന് കടക്കെണിയുടെ നടുക്കടലിലാണ്. അഞ്ചു വർഷമായി വയനാട്ടിലെ കാർഷിക വിളകളായ കുരുമുളക്, കാപ്പി എന്നിവയ്ക്ക് വിലയില്ല. ഉല്പാദനക്കുറവും വിലയിടിവും കൊണ്ട് തകർച്ചയിലായ കാർഷിക മേഖല ഈ വർഷം ഉണ്ടായ അഭൂതപൂർവമായ വരൾച്ചയും കൂടിയായപ്പോൾ ഏതാണ്ട് പൂർണ്ണമായും തകർന്നു. വരൾച്ചമൂലം വയനാട്ടിൽ ഉണ്ടായ നഷ്ടം 600 കോടി രൂപയോളം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 42,000 ഏക്കർ കുരുമുളക് കൃഷി ഉണ്ടായിരുന്ന വയനാട്ടിൽ ഇന്ന് 23,000 ഏക്കറായി കുറഞ്ഞിരിക്കുകയാണ്. വരൾച്ചയ്ക്കുമുമ്പ് ശരാശരി 20,000 ടൺ കുരുമുളക് ഉല്പാദിപ്പിച്ചിരുന്നത് 9,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. കുരുമുളകിന് കിലോഗ്രാമിന് 250 രൂപ വരെ ലഭിച്ചിരുന്ന സ്ഥാനത്ത് ഇന്ന് 70 രൂപയാണ് ലഭിക്കുന്നത്. 75,057 ഏക്കറിൽ കാപ്പി ഉണ്ടായിരുന്നു. 29,065 ഏക്കറോളം നശിച്ചുപോയി. 60,000 ടൺ ഉല്പാദനം ഉണ്ടായിരുന്നത് 27,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. കാപ്പി, കുരുമുളക് എന്നിവയുടെ അനിയന്ത്രിതമായ ഇറക്കുമതിയാണ് രണ്ട് നാണ്യവിളകളുടേയും വിലത്തകർച്ചയ്ക്ക് കാരണമായിട്ടുള്ളത്. ഏഴു വർഷത്തിനിടയിൽ ഉണ്ടായ വിലയിടിവും ഉല്പാദനക്കുറവുമാണ് വയനാട്ടിലെ കർഷകരെ രക്ഷപ്പെടാനാകാത്തവിധം കടക്കെണിയിൽ എത്തിച്ചത്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഭാഗമായി ഉണ്ടായ വിലത്തകർച്ചയിൽനിന്ന് കർഷകർക്ക് ഒരു കാലത്തും രക്ഷപ്പെടാനാകാത്ത നിലയിലെത്തിയിരിക്കുകയാണ്. വിലനിലവാരം മാറുമെന്നുള്ള പ്രതീക്ഷയിൽ വാങ്ങിയ കടങ്ങൾ വർഷങ്ങൾക്കുശേഷവും തിരിച്ചടയ്ക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. വിലയിടിവും രൂക്ഷമായ വരൾച്ചയും ഉണ്ടായതോടുകൂടി കടം വളർന്ന് ജപ്തി നടപടിയിലേയ്ക്ക് നീങ്ങി. അത് താങ്ങാനാകാതെയാണ് പല ആത്മഹത്യകളും ഉണ്ടായത്. ഇതിന് മാറ്റം ഉണ്ടാകണമെന്നുള്ളതാണ് ആവശ്യം. വയനാട്ടിലെ വാണിജ്യ-ദേശസാൽകൃത കാർഷിക വികസന ബാങ്കുകൾ 160 കോടി രൂപ വായ്പ

LIBRARY ARCHIVES Kerala Legislative Assembly